## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. **24** — **28.10.2019** - ൽ മറുപടിക്ക്

## സംസ്ഥാനത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ആർ. രാജേഷ്<br>,, കെ.കുഞ്ഞിരാമൻ<br>,, പി.കെ. ശശി<br>,, ജോർജ് എം. തോമസ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സമയബന്ധിതവുമാക്കാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) & (ബി) | കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങളിലെ കാര്യക്ഷമതയില്ലുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതിദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക, എന്നിങ്ങനെ വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ കേരള |
| (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയെക്കുറിച്ചും പുനർ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും ഉയർന്നുവരുന്ന രാഷ്ട്രീയ പ്രേരിതമായ ആരോപണങ്ങൾ അവഗണിച്ചുകൊണ്ട് ഇവയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | | |

പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

നടപടിക്രമങ്ങൾ ലഘൂകരിച്ചും കാര്യക്ഷമത ഉറപ്പാക്കിയും കേരള പുനർനിർമ്മാണം സാധ്യമാക്കുക എന്നതിനാണ് റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് ഊന്നൽ നൽകുന്നത്. വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കുവാൻ ആകുന്ന ഏജൻസികളുടെയും വിദഗ്ധരായ കൺസൾട്ടന്റുകളുടെയും സേവനം ഇതിനായി ഉപയോഗപ്പെടുത്തുന്നു. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും 09/11/2018, 23/05/2019-കളിലെ സർക്കാർ ഉത്തരവുകൾ മുഖേന ഒരു ത്രിതല അഡ്മിനിസ്ട്രേറ്റീവ് സംവിധാനവും സമഗ്രമായ ഒരു വികസന നയരേഖയും യഥാക്രമം സാധ്യമാക്കിയിട്ടുണ്ട്. നടപ്പാക്കുന്ന പദ്ധതികളിന്മേലുള്ള ഉന്നതാധികാരസമിതിയുടെ കാലാകാലങ്ങളിലുള്ള കൃത്യമായ വിലയിരുത്തലുകളും ഉപദേശക സമിതിയുടെ നിർദ്ദേശങ്ങളും നിർവഹണ സമിതിയുടെയും ആർ .കെ .ഐ- യുടെയും സമയോചിതമായ ഇടപെടലുകളും

| | | | |
|---|---|---|---|
| | | | പുനർനിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സമയബന്ധിതവുമാക്കാൻ സഹായിക്കുന്നു. ഇപ്രകാരം, വിമർശനങ്ങൾക്കതീതമായ പ്രവർത്തനങ്ങളാണ് പുനർനിർമ്മാണ പ്രക്രിയയിൽ നടപ്പാക്കിവരുന്നത്. |
| (സി) | തുടർച്ചയായി പ്രകൃതി ദുരന്തങ്ങളും പ്രളയവും ഉണ്ടാകുന്ന പശ്ചാത്തലത്തിൽ കേരളത്തിന്റെ പരിസ്ഥിതിയ്ക്കും ഭൂമിശാസ്ത്രത്തിനും അനുയോജ്യമായ രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | പ്രളയ ദുരന്തത്തിൽ നിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായും അവസരമായും കണ്ട്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്ന വിധം കരുത്തോടെ കേരളത്തെ പുനർനിർമിക്കുക എന്നതാണ് കേരള പുനർനിർമാണ വികസന പരിപാടി (Rebuild Kerala Development Program, RKDP) ലക്ഷ്യമിടുന്നത്.<br><br>സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ അന്താരാഷ്ട്ര ഏജൻസികൾ, വിഷയവിദഗ്ധർ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ചാണ് പുനർനിർമ്മാണ വികസന പരിപാടി രൂപപ്പെടുത്തിയിരിക്കുന്നത്. പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം, മേഖലാടിസ്ഥാനത്തിലുള്ളതും (Sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ടു കിടക്കുന്നതുമായ (cross cutting) നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, |

| | | |
|---|---|---|
| | | മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, വെള്ളപ്പൊക്കം പോലുള്ള പ്രകൃതി ദുരന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്നുള്ള മറ്റു ഭീഷണികൾ എന്നിവ പരിഗണിച്ചുള്ള, ഭാവിയിലെ ദുരന്തങ്ങളെക്കൂടി ചെറുക്കാൻ ശേഷിയുള്ള കേരളപുനർനിർമാണത്തിന് കരുത്തേകുന്നതും ലക്ഷ്യത്തിലേക്ക് വഴികാട്ടുന്നതുമായ വികസന നയരേഖയെ അടിസ്ഥാനപ്പെടുത്തിയാണ് പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. |

**സെക്ഷൻ ഓഫീസർ**